## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 16.04.2015-ലെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 9.15 മണിക്ക് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.04.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1 പദ്ധതി നിർവഹണ പുരോഗതി അവലോകനം**

സുലേഖ പ്ലാൻ മോണിട്ടറിംഗ് പ്രകാരം 2014-15 വാർഷിക പദ്ധതിയുടെ ആകെ ചെലവ് 5918.58 കോടി രൂപയും, ഗ്രാമപഞ്ചായത്തുകളുടേത് 3372.76 കോടി രൂപയും, ബ്ലോക്ക് പഞ്ചായത്തുകളുടേത് 676.82 കോടി രൂപയും, ജില്ലാ പഞ്ചായത്തുകളുടേത് 910.30 കോടി രൂപയും, മുനിസിപ്പാലിറ്റികളുടേത് 579.43 കോടി രൂപയും, മുനിസിപ്പൽ കോർപ്പറേഷനുകളുടേത് 379.26 കോടി രൂപയും ആണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടു.

2.2 ലഭ്യമായ കണക്കുകൾ പ്രകാരം വികസനഫണ്ടിനത്തിൽ 08.04.2015-ൽ നിന്നും ചെലവിനത്തിൽ കാര്യമായ വ്യത്യാസം കാണപ്പെട്ടില്ല.

2.3 2014-15-ലെ ക്യാരിഓവറായി മാറ്റിയ തുകയുടെ പദ്ധതികൾ 2015 സെപ്റ്റംബർ 30-നകം പൂർത്തീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

2.4 2013-14-ലെ സ്പിൽഓവർ പദ്ധതികളുടെ ബില്ലുകൾ 31.03.2015-നകം സമർപ്പിക്കേണ്ടതാണെന്നും, 31.03.2015-നകം ബില്ലുകൾ സമർപ്പിക്കാതിരുന്നാൽ പദ്ധതിക്ക് വേണ്ടി വരുന്ന തുക അടുത്ത സാമ്പത്തിക വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണെന്ന് 18.03.2015-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 2.3 പ്രകാരം തീരുമാനിച്ചിരുന്നതായി യോഗം നിരീക്ഷിച്ചു.

2.5 2015-16-ലെ ബഡ്ജറ്റ് പ്രൊവിഷൻ അനുസരിച്ച് വാലിഡേഷൻ നൽകുന്നതിന് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് ഐ.കെ.എം.ന് നിർദ്ദേശം നൽകി.

2.6 2015-16-ലെ പദ്ധതി രൂപീകരണങ്ങൾ ഡി.പി.സി. അംഗീകാരം ഉൾപ്പെടെ 2015 മേയ് 31-നകം പൂർത്തീകരിക്കേണ്ടതാണ്. ഇതനുസരിച്ച് ഏപ്രിൽ 25, മേയ് 10, മേയ് 25- എന്നീ തീയതികൾക്ക് മുമ്പായി ഡി.പി.സി. കൂടുന്നതിന് നിർദ്ദേശം നൽകി തീരുമാനിച്ചു. മേയ് 31-നു ശേഷം ഡി.പി.സി. പദ്ധതികൾക്ക് അംഗീകാരം നൽകേണ്ടതില്ലെന്ന് നിർദ്ദേശിച്ചു.

2.7 2015-16-ലെ പ്രോജക്ടുകളിൽ ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ 2015 ഡിസംബർ 31-നകം ആയത് പൂർത്തീകരിക്കേണ്ടതാണ്. ഗ്രാമസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രോജക്ടുകളിൽ മാറ്റം വരുത്താവൂ എന്നും നിർദ്ദേശിച്ചു.

2.8 പ്ലാൻ ഫോർമുലേഷൻ സംബന്ധിച്ച് മൂന്ന് മേഖലാതല മീറ്റിംഗ് കൂടുന്നതിന് തീരുമാനിച്ചു.

2.9 ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2015–16–ൽ 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ മരാമത്ത് പ്രവൃത്തികളും ഇ–ടെണ്ടർ മുഖേന നടപ്പിലാക്കിയാൽ മതിയെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു. 5 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേനയോ , ടെണ്ടർ മുഖേനയോ നടപ്പിലാക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അതാത് സ്ഥാപനങ്ങൾ പ്രമേയം മുഖേന തീരുമാനിക്കേണ്ടതും, അവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർമാരെ ഏൽപ്പിക്കേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തീരുമാനപ്രകാര മുള്ളതല്ലാത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എഞ്ചിനീയർമാർ തയ്യാറേക്കേണ്ടതി ല്ലെന്നും നിർദ്ദേശിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ കത്ത്**

എലി നിയന്ത്രണ പ്രചരണ പരിപാടിയുടെ ഭാഗമയി എലി വിഷം വാങ്ങുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തീരുമാനമെടുക്കേണ്ട താണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത് ( ബഹു. കൃഷി വകുപ്പുമന്ത്രി ശ്രീ.കെ.പി. മോഹനൻ മുഖേന)**

കുടിവെള്ള പദ്ധതിയുട വൈദ്യുതി കുടിശ്ശിക അടയ്ക്കുന്നതിന് മെയിന്റ നൻസ് ഫണ്ട് /തനത് ഫണ്ട് ഇവയിലേതെങ്കിലും ഉപയോഗിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 കോട്ടൂർ ഗ്രാമപഞ്ചായത്ത് (ബഹു. ബാലുശ്ശേരി എം.എൽ.എ. ശ്രീ.പുരുഷൻ കടലുണ്ടി മുഖേന)**

ഓഫീസ് ഉത്ഘാടനത്തിന് ചെലവാക്കാവുന്ന തുക കൂടുതൽ അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് നിലവിലെ നിരക്കായ 7500 രൂപയിൽ അധികരിക്കരുതെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ കത്ത് ( ബഹു. കൃഷി വകുപ്പുമന്ത്രി ശ്രീ.കെ.പി. മോഹനൻ മുഖേന)**

നാളികേര വികസന കോർപ്പറേഷന്റെ നീര വിതരണത്തിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ വെന്റിംഗ് മെഷീൻ സ്ഥാപിക്കാൻ അനുവദിക്ക ണമെന്ന ആവശ്യത്തിൽ, നീരയുടെ ലഭ്യതയ്ക്കനുസരിച്ച് വെന്റിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് നാളികേര വികസന കോർപ്പറേഷന് അനുവാദം നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.165255/ഡി.എ2/15/തസ്വഭവ**

ക്ലബുകൾക്ക് കായിക പരിശീലനത്തിനാവശ്യമായ സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യുന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽപ്പെട്ട വിഷയമാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് (ഫയൽ നം.41448/ഡി.എ2/14/തസ്വഭവ**

പട്ടികവർഗ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത് ഒരു സുതാര്യമായ പ്രക്രിയയിലൂടെ ആയിരിക്കണമെന്ന് തീരുമാനിച്ചു. കരാട്ടെ, ഫുട്ബോൾ, വോളിബോൾ തുടങ്ങിയവയുടെ പരിശീലകർ സ്പോർട്സ് കൗൺസിലിന്റെ അംഗീകാര മുള്ളവരായിരിക്കണമെന്നുമുള്ള വ്യവസ്ഥയിൽ പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 മേലാർക്കോട് ഗ്രാമപഞ്ചായത്ത് (ഫയൽ നം.6/ഡി.എ3/15/തസ്വഭവ**

തെരുവു വിളക്കുകൾ സ്ഥാപിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ പ്പെട്ട വിഷയമായതിനാൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏജൻസികൾ മുഖേന പദ്ധതി നടപ്പാക്കേണ്ടതാണെന്ന് യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 മീഞ്ച ഗ്രാമപഞ്ചായത്ത് (ഫയൽ നം.11/ഡി.എ1/156/തസ്വഭവ)**

എസ്.സി. യുവാക്കൾക്ക് സ്വയം തൊഴിലിനു വേണ്ടി ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും എന്ന പദ്ധതി അംഗീകരിക്കണമെന്ന ആവശ്യം അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കണ്ണൂർ ജില്ലാപഞ്ചായത്ത് (ഫയൽ നം.100/ഡി.ബി3/15/തസ്വഭവ)**

ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്റർ വീതിയുള്ള ഗ്രാമീണ റോഡുകൾ സംയുക്ത പദ്ധതികളായി ഏറ്റെടുക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.74/ഡി.ഡി/14/തസ്വഭവ)**

ആച്ചിക്കൽ പ്രദേശത്ത് ഹോമിയോ ആശുപത്രിക്കായി പണി കഴിപ്പിച്ച കെട്ടിടത്തിൽ വനിത ഉൽപ്പന്ന വിപണന കേന്ദ്രം എന്ന പദ്ധതി സംബന്ധിച്ച് വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 നെന്മേനി ഗ്രാമപഞ്ചായത്ത് (ഫയൽ നം.198/ഡി.എ2/15/തസ്വഭവ**

2009-10 വാർഷിക പദ്ധതിയിൽ ആർ.സി.സി. പൈപ്പ് മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ വാങ്ങിയതു സംബന്ധിച്ച് വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 10.30-ന് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 22.04.2015 ൽ രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്.**